## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.242 27/02/2017-ൽ മറുപടിക്ക്

### ചാരുംമൂട് കേന്ദ്രമായി ഫയർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ആർ. രാജേഷ് : | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) മാവേലിക്കര മണ്ഡലത്തിൽ ചാരുംമൂട് കേന്ദ്രമാക്കി ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദ വിവരം ലഭ്യമാക്കുമോ; | എ) നിലവിൽ തുടങ്ങാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ പട്ടികയിൽ ചാരുംമൂട് ഉൾപ്പെട്ടിട്ടില്ല. ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമമനുസരിച്ച് ഫയർസ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| ബി) ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് വകുപ്പിന് സൗജന്യമായി റവന്യൂ /പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക്/പഞ്ചായത്ത് വക അനുയോജ്യമായ ഭൂമി ലഭിച്ചാൽ മാത്രമേ പ്രാരംഭ നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിലേക്കായി അനുയോജ്യമായ സ്ഥലം അന്വേഷിച്ച് വരുന്നു. കല്ലട ഇറിഗേഷൻ പ്രോജക്ട് വക ഒഴിഞ്ഞു കിടക്കുന്ന കെട്ടിടം പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന വാടക ഈടാക്കി നൽകാമെന്ന് മാവേലിക്കര -താമരക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു. എന്നാൽ താൽക്കാലികമായി പ്രവർത്തനം ആരംഭിക്കണമെങ്കിൽ സ്ഥിരം സംവിധാനം ആകുന്നതുവരെ കെട്ടിടവാടക നൽകുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും പഞ്ചായത്ത് അധികൃതർ തയ്യാറാകുമെങ്കിൽ മാത്രമേ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികളുമായി മുൻപോട്ട് പോകാൻ സാധിക്കുകയുള്ളൂ എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ